

# വിദ്യാഭ്യാസം ഉപഭോക്തൃകോടതിയിൽ

-ചർച്ച-

ഫ്രിറ്റ്സ്കാരിൻതിയുടെ വെസർകോഫ് എന്ന കഥാപാത്രം വർഷങ്ങൾക്കു ശേഷം തന്റെ പഴയ സ്ക്കൂൾ പ്രിൻസിപ്പലിന്റെ മുന്നിൽ പുതിയൊരാവശ്യവുമായി പ്രത്യക്ഷപ്പെടുന്നു. അയാൾ ആവശ്യപ്പെടുന്നതാവട്ടെ, താൻ ആറു വർഷം പഠിക്കാൻ വേണ്ടി നൽകിയ കാശ് തിരിച്ചുനൽകണം എന്നാണ്. പ്രിൻസിപ്പൽ ചോദിച്ചു : "വെസർകോഫ്, താങ്കൾ എന്തുകൊണ്ടാണ് അത് തിരികെ ചോദിക്കുന്നത് ? " വെസർകോഫ് പറഞ്ഞു : " നിങ്ങൾ എനിക്ക് നൽകിയ സർട്ടിഫിക്കറ്റ് കൊണ്ട് ഒരു പ്രയോജനവുമില്ല. ഞാൻ ഇവിടെ നിന്ന് ഒന്നും പഠിച്ചില്ല. പഠിച്ചിട്ടുണ്ടെങ്കിൽ തന്നെ അതുകൊണ്ട് എനിക്ക് ജീവിതത്തിൽ ഒന്നും നേടാനുമായിട്ടില്ല."

സമീപകാല വിദ്യാഭ്യാസ രംഗം വിദ്യാർത്ഥിയുടെ ചിന്തയിൽ പക്വമോ, അപക്വമോ ആയ ചില ചോദ്യങ്ങളുയർത്തുന്നു. വിശേഷിച്ചും, വിദ്യാഭ്യാസം ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനം ചെയ്യപ്പെടുമ്പോൾ, വിദ്യാഭ്യാസപ്രക്രിയകളിൽ ക്രമക്കേടുകൾ വർദ്ധിക്കുമ്പോൾ, അഴിമതിയും, മൂല്യശോഷണവും വിദ്യാഭ്യാസ മേഖലയെ കീഴടക്കുമ്പോൾ, താൽപ്പര്യവും, യോഗ്യതയുമില്ലാത്ത അദ്ധ്യാപകനു മുന്നിൽ വിദ്യാർത്ഥിക്ക് മൗനിയായിരിക്കേണ്ടിവരുമ്പോൾ. തനിക്കിന്ന് അർഹിക്കുന്ന വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ ? തനിക്കേൽക്കേണ്ടിവരുന്ന പരാജയത്തിന്ന് ഉത്തരവാദികൾ ആരൊക്കെ ? ഭാരിച്ച ഫീസ് നൽകി താൻ വെറുതെ സമയം പാഴാക്കുകയല്ലാതെ ക്ലാസ്സ് റൂമിൽ നിന്നും വല്ലതും കിട്ടുന്നുണ്ടോ ? നിയമത്തിൽ വല്ല പങ്കും തനിക്ക് അനുകൂലമായുണ്ടോ ? എന്നിങ്ങനെ നീണ്ടുപോകുന്നു ആ ചോദ്യങ്ങൾ.

പ്രശസ്ത നിയമവിശാരദനായ ജസ്റ്റിസ് ഏറാടി, പ്രതിഫലം വാങ്ങി ചെയ്യുന്ന സേവനങ്ങളെയെല്ലാം ഉപഭോക്തൃനിയമ പരിധിയിൽപ്പെടുത്തുന്നു. ഈ അർത്ഥത്തിൽ അദ്ധ്യാപകനും ഉപഭോക്തൃ നിയമത്തിനതീതനല്ലെന്നാവുകയില്ലേ ? വിശദവും ഗഹനവുമായ ഒരു ചർച്ചക്ക് ആമുഖമെഴുതാനുള്ള ഒരു ചെറുശ്രമമാണിത്. ഇവിടെ ഞങ്ങൾ ആരെയും മുറിപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഇതൊരമ്പേഷണമാണ്. മാറി വരുന്ന സാഹചര്യങ്ങളുടെ തേട്ടത്തിനനുസരിച്ച് ക്രിയാത്മകമായ ഒരു സംവാദത്തിന്റെ കൊച്ചു വാതായനങ്ങൾ തുറന്നിടുക മാത്രമെ ചെയ്യുന്നുള്ളൂ. ഇതിലാകട്ടെ ഏകപക്ഷീയതക്ക് ഒട്ടും സ്ഥാനവുമില്ല. മാഗസിൻ സമിതി തയ്യാറാക്കിയ ചോദ്യാവലിയോട് ഏതാനും വിദ്യാഭ്യാസ വിദഗ്ദരും, അദ്ധ്യാപകരും, വിദ്യാർത്ഥികളും പ്രതികരിക്കുന്നു.

–എഡിറ്റർ

# ഡോ:സി.പി.ശ്രീകണ്ഠൻ നായർ

(പ്രിൻസിപ്പാൾ, ട്രെയിനിംഗ് കോളേജ്)

**വിദ്യാഭ്യാസത്തിന്** നമ്മുടെ സ്റ്റേറ്റുകൾ താങ്ങാവുന്നതിലധികം തുക നീക്കി വെക്കുന്നുണ്ട്. അതു കൊണ്ട് തീരെ പ്രയോജനം ഇല്ല എന്ന് പറയാൻ സാധ്യമല്ല. സാക്ഷരതയുടെ ശതമാനം കൂടിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗവും വളരെയധികം പുരോഗമിച്ചിട്ടുണ്ട്. പക്ഷേ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത കാരണം സാധാരണക്കാരന് പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്.

വിദ്യാഭ്യാസത്തെ ലാഭനഷ്ടത്തിനനുസരിച്ച് കൂട്ടി കിഴിക്കാൻ സാധ്യമല്ല. ജനാധിപത്യത്തിന്റെ നിലനിൽപ്പിന് തന്നെ വിദ്യാഭ്യാസം ആവശ്യമാണ്. ജനാധിപത്യത്തിൽ വിദ്യാഭ്യാസത്തെ ഒരു മുതൽക്കൂട്ടായി നമുക്ക് പരിഗണിക്കാം. സാമൂഹ്യവൽക്കരിക്കപ്പെടാത്ത യുവതലമുറയെ അവരുടെ വ്യക്തി വൈശിഷ്ട്യത്തിലെ പാളിച്ചകളെ നിർമ്മാർജ്ജനം ചെയ്ത് ജനാധിപത്യത്തിലെ സജീവ പങ്കാളിയാക്കാൻ വിദ്യാഭ്യാസത്തെ സാർവ്വ ലൗകികമാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ വകുപ്പുമായി ആദ്യമായി ബന്ധപ്പെടുന്നത് അദ്ധ്യാപകരാണ്. അവർ ലക്ഷ്യ ബോധമുള്ളവരായിരിക്കണം. പാഠ്യപദ്ധതി എന്നത് ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗം മാത്രമാണ്. ഒരദ്ധ്യാപകൻ പാഠ്യ പദ്ധതികൾക്കപ്പുറം വിദ്യാർത്ഥികളിൽ വരുത്തേണ്ട മാറ്റത്തെ കുറിച്ച് ബോധവാനായിരിക്കണം.

ഇപ്പോഴത്തെ പരീക്ഷാ സമ്പ്രദായം വിദ്യാർത്ഥിയെ വിലയിരുത്താനുള്ള മാർഗ്ഗമേ അല്ല. ശരിയായ 'ഇവാല്വേഷ' നാണ് വേണ്ടത്. ഇപ്പോഴത്തെ പരീക്ഷ ഗ്രേഡ് തിരിക്കാൻ വേണ്ടി മാത്രമാണ്.

അതു മാറി മൂല്യാധിഷ്ഠിതമായ ഒരു വിലയിരുത്തലാണ് വേണ്ടത്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ മറ്റേതൊരു രംഗത്തും നടക്കുന്ന ക്രമക്കേടിന്റെ ചെറിയ ഒരംശം മാത്രമേയുള്ളൂ. പക്ഷേ പാളിച്ചകൾ പറ്റുന്നുണ്ടെന്ന് അംഗീകരിച്ചേ പറ്റൂ. ഇപ്പോൾ നടക്കുന്ന പരീക്ഷയെ അദ്ധ്യാപകൻ ലാഘവത്തോടെയാണ് നോക്കി കാണുന്നത്. പരീക്ഷ ഫല പ്രദമാവണമെങ്കിൽ ചോദ്യപേപ്പർ തന്നെ മാറ്റേണ്ടതുണ്ട്. കുറെക്കൂടി ഒബ്ജക്റ്റീവ് മാതൃകയിലുള്ള ചോദ്യങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്. പരീക്ഷയെക്കുറിച്ച് പറയാറുള്ളത് Examination is forbidden even to the best prepared for the greatest fool can ask more than the wisest man can answer എന്നാണല്ലോ. അതുകൊണ്ട് പരീക്ഷാ സമ്പ്രദായം തന്നെ മാറ്റേണ്ടതുണ്ട്. പരീക്ഷയിൽ അവന്റെ സാക്ഷരതയും അറിവും മാത്രമാണ് പരീക്ഷിക്കുന്നത്. അവന്റെ മനോഭാവവും കഴിവുകളുമറിയാനുള്ള ഉപാധിയില്ല. അതുപോലെ തന്നെ പഠിച്ച കാര്യങ്ങളുടെ പ്രായോഗികതയും ശൂന്യമാണ്.

പൊതുവേ രാഷ്ട്രീയം തന്നെ മൂല്യ ശോഷണത്തിന് വിധേയമായിരിക്കുന്നു. അതിന്റെ പ്രതിഫലനമാണ് കാമ്പസിലും. ആശയപരമായി നോക്കുമ്പോൾ രാഷ്ട്രീയം ആരോഗ്യകരമാണ്. പക്ഷേ പ്രായോഗിക രംഗത്ത് അത് പരാജയപ്പെടുന്നു. വിദ്യാർത്ഥികൾ മിത്രങ്ങൾ ആകുന്നതിന് പകരം അത് ശത്രുത സൃഷ്ടിക്കുന്നു. ഇതു മാറണമെങ്കിൽ Direct election--നു പകരം Indirect--election പരീക്ഷിക്കാവുന്നതാണ്. അതോടൊപ്പം സ്കൂളുകളിൽ നിന്ന് രാഷ്ട്രീയം പാടെ തുടച്ചു നീക്കുകയും വേണം.

വിദ്യാഭ്യാസം അഴിമതിയിൽ നിന്ന് മുക്തമാവുന്നതിന് വേണ്ടി സമൂഹം തീരെ ശ്രദ്ധിക്കുന്നില്ല എന്നതിനോട് യോജിക്കുന്നില്ല. കലാലയത്തിനകത്ത് നടക്കുന്ന കാര്യങ്ങളോട് സമൂഹത്തിന് താൽപ്പര്യമില്ലാതായിരിക്കുന്നു. അതിനുള്ള കാരണം കലാലയത്തിനകത്ത് നടക്കുന്ന കാര്യങ്ങളും, സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളും തമ്മിൽ ഒരു ബന്ധവും ഇല്ല എന്നതാണ്.


വിദ്യാർത്ഥിയുടെ പരാജയത്തിന് പ്രധാന കാരണം വിദ്യാർത്ഥി തന്നെയാണ്. ശരിയായ ലക്ഷ്യബോധവും, പ്രയത്ന ശീലവുമുള്ള ഒരു വിദ്യാർത്ഥിക്ക് മറ്റെല്ലാം എതിരായിരുന്നാൽ പോലും അതിനെ അതിജീവിക്കാൻ കഴിയും. പക്ഷേ ചില സാഹചര്യങ്ങൾ കൊണ്ട് അത് സാധിച്ചില്ലെന്നു വരും. അവിടെയാണ് രക്ഷാകർത്താക്കളും, അദ്ധ്യാപകരും, സമൂഹവും കുറ്റക്കാരായി മാറുന്നത്. വിദ്യാർത്ഥിയുടെ സഹകരണമാണ് അദ്ധ്യാപകന്റെ ആത്മാർത്ഥതയെ സ്വാധീനിക്കുന്നത്. നിസ്സംഗനായ വിദ്യാർത്ഥിയോട് അദ്ധ്യാപകന്റെ താൽപ്പര്യം കുറയുന്നു. വിദ്യാർത്ഥിക്ക് സ്വയം ബോധം വളരെ അനിവാര്യമാണ്.

ക്ലാസ്സ് മുറികളിലെ 'ലക്ചറിങ്ങ് മെത്തേഡ് ' ഇന്ത്യ പോലുള്ള അവികസിത രാജ്യങ്ങളിൽ മാത്രമേ 'യൂനിവേഴ്സൽ മെത്തേഡ് ' ആയി തുടർന്ന് പോരുന്നുള്ളൂ. പല സാഹചര്യങ്ങളിലും ഇത് മാത്രമേ സാധിക്കൂ. ഇവിടെ വിദ്യാർത്ഥി വെറും നിഷ്ക്രിയനാണ്. യഥാർത്ഥത്തിൽ

സജീവമായ പങ്കാളിത്തത്തിലൂടെ മാത്രമേ അതവന്റെ ജീവിതകാലം മുഴുവൻ നിലനിൽക്കുകയുള്ളൂ. ഇതിനൊക്കെ പുറമേ നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, അദ്ധ്യാപനം എന്നത് നൈസർഗ്ഗികമായ കഴിവാണ്. അത് വികസിപ്പിച്ചെടുക്കാമല്ലാതെ പുതുതായി സൃഷ്ടിക്കാൻ സാദ്ധ്യമല്ല.

വിദ്യാഭ്യാസ രംഗത്തുള്ളവരുടെ രാഷ്ട്രീയ വൽക്കരണത്തെക്കുറിച്ച് പറയുന്നതിൽ ഒരു പരിധി വരെ മാത്രമേ യാഥാർത്ഥ്യമുള്ളൂ. യൂനിവേഴ്സിറ്റിയിൽ നിന്ന് ലഭിക്കുന്ന തുക അദ്ധ്യാപകർക്ക് തികയുന്നില്ല. കാര്യങ്ങൾ നേടണമെങ്കിൽ കൂട്ടായ വിലപേശൽ അനിവാര്യമാണ്. ഇവിടെ അദ്ധ്യാപകരുടെ കാര്യം ഏറ്റെടുക്കാൻ സമൂഹം മുന്നോട്ട് വരണം.

നിയമ പരമായി എത്ര വകുപ്പുകൾ ഉണ്ടാക്കിയാലും, എത്രത്തോളം വിദ്യാർത്ഥിയുടെ പരാജയത്തിന് നീതി തേടാൻ സാധിക്കും എന്നത് സംശയമാണ്. കാരണം അൻപത് കുട്ടികൾക്ക് ഏത് രീതിയിലുള്ള മാറ്റമാണ് സംഭവിച്ചതെന്ന് നമുക്ക് കണ്ടെത്താൻ കഴിയുകയില്ല. അതുകൊണ്ട് തന്നെ അദ്ധ്യാപകരെ ഉപഭോക്തൃ നിയമത്തിന്റെ കീഴിൽ കൊണ്ടു വരിക പ്രയാസമാണ്. പക്ഷേ തെറ്റായ രീതിയിലാണ് കാര്യങ്ങൾ പഠിപ്പിക്കുന്നതെങ്കിൽ അവന് നീതി തേടാം. ❑



## പ്രൊഫ.യു.മുഹമ്മദ്

(മുൻ പ്രിൻസിപ്പാൾ)

വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ വിനിയോഗിക്കപ്പെടുന്ന വിഭവങ്ങളെയും അവയിൽ നിന്ന് ലഭ്യമാകുന്ന ഫലങ്ങളെയും തുലനം ചെയ്യാനുതകുന്ന ഒരു പൊതു പരിഛേദം (common denominator) ഇല്ല. ആ നിലക്ക് ഈ ഘടകങ്ങളെയും നേരിട്ട് താരതമ്യപ്പെടുത്താൻ കഴിയില്ല. എങ്കിൽ തന്നെ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്നത് നാം അംഗീകരിക്കേണ്ട വസ്തുതയാണ്. നമ്മുടെ വിദ്യാഭ്യാസത്തെ വ്യപാര വൽക്കരിക്കുന്ന പ്രവണത ഇന്ന് കൂടി വരുന്നു. അതിനോട് ഒട്ടും യോജിക്കാനും കഴിയുകയില്ല. വിദ്യാഭ്യാസത്തെ അതിന്റെ ലക്ഷ്യങ്ങളിൽ നിന്നകറ്റുന്ന സ്വാധീനം പ്രധാനമായും ഉദ്യോഗസ്ഥ വൃന്ദത്തിൽ നിന്നാണെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. രാഷ്ട്രീയവും സാമൂഹികവുമായ പല ഘടകങ്ങൾക്കും ഇതിൽ പങ്കുണ്ട്. ദേശീയ ജീവിതത്തിന്റെ അനേകം ഘടകങ്ങളിൽ ഒരു ഉപഘടകം മാത്രമാണ് വിദ്യാഭ്യാസം. ഇതര മേഖലകളിലെ പ്രവണതകളും സ്വാധീനങ്ങളും സ്വാഭാവികമായും വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്നു, എന്ന് മാത്രം

ഇനി പരീക്ഷയും അതിനോടനുബന്ധിച്ച് വരുന്ന ചില കാര്യങ്ങളുമെടുക്കാം. പരീക്ഷ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലുമുള്ള ക്രമക്കേടുകളുടെ ഉത്തരവാദിത്വം ഒരൊറ്റ ഘടകത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. പരീക്ഷകളുടെയും, ചാൻസുകളുടെയും എണ്ണം, റഗുലർ-പ്രൈവറ്റ് വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, സമയത്തിന് പരീക്ഷാ പേപ്പറുകളുടെ മൂല്യ നിർണ്ണയം നടത്താൻ സാധിക്കാത്ത രീതിയിലുള്ള സംവിധാനം, ഓരോ തലത്തിലും സമയ ബന്ധിത ഉത്തരവാദിത്വം

നിജപ്പെടുത്താത്തത് മൂലമുള്ള പ്രശ്നങ്ങൾ, പഴയ രൂപത്തിലുള്ള ടാബുലേഷൻ സമ്പ്രദായം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യാനുള്ള താമസം, ഇവയെല്ലാം പ്രശ്നത്തിന്റെ സങ്കീർണ്ണത ഒരോ വർഷവും വർദ്ധിപ്പിക്കുകയാണ്. ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും കണക്കിലെടുത്ത് പരീക്ഷാ സമ്പ്രദായവും മൂല്യ നിർണ്ണയവും കാലോചിതമായി പരിഷ്ക്കരിക്കാനുള്ള ശുപാർശകളടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ യൂണിവേഴ്സിറ്റി ഒരു വിദഗ്ദ കമ്മീഷനെ ഏർപ്പെടുത്തണമെന്നാണ് അഭിപ്രായം.

വിദ്യാലയങ്ങളിൽ സജീവ രാഷ്ട്രീയത്തിന് സ്ഥാനം കൊടുക്കരുതെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. പ്രജായത്തഭരണ സമ്പ്രദായത്തിലുള്ള പരിശീലനം നൽകണമെന്ന അഭിപ്രായം നില നിർത്തി കൊണ്ടു തന്നെ ഇന്ന് നടക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അതിരുകൾ ലംഘിക്കുന്നു. വിദ്യാർത്ഥി ലോകത്തിന്റെ പൊതു നന്മയ്ക്കായി ന്യായമായ നിയന്ത്രണങ്ങൾ ചെലുത്തേണ്ട ഒരു രംഗമാണിത്. മറ്റു രംഗങ്ങളിലെന്ന പോലെ തന്നെ വിദ്യാഭ്യാസ രംഗത്തെയും, അഴിമതിയെയും, മൂല്യ ശോഷണത്തെയും കുറിച്ച് സമൂഹം ഗൗരവ പൂർവ്വം ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നില്ല. വിദ്യാർത്ഥിയുടെ പരാജയത്തിന് വിദ്യാഭ്യാസ വ്യവസ്ഥയും അദ്ധ്യാപകരും സമൂഹവും മാത്രമാണോ ഉത്തരവാദികൾ ?


ഇന്നത്തെ പഠിപ്പ് മുടക്കങ്ങളിലും കാമ്പസ് രാഷ്ട്രീയങ്ങളിലും ഇവരെക്കാളധികം പങ്കു വഹിക്കുന്നത് വിദ്യാർത്ഥികളല്ലേ ? വിദ്യാർത്ഥികളടെ താൽപ്പര്യവും സഹകരണവുമില്ലെങ്കിൽ ഇതര ഘടകങ്ങൾക്ക് വളരെ കുറച്ച് മാത്രമേ അവരെ സഹായിക്കാനൊക്കൂ. നമ്മുടെ അദ്ധ്യാപന രീതികൾ പരിതസ്ഥിതികൾക്കൊത്ത് പരിഷ്ക്കരിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളെ അവരുടെ വിഷയത്തിൽ താൽപ്പര്യപ്പെടുത്താനും സ്വന്തം കാലിൽ നിർത്താനുമുള്ള ശേഷി വളർത്തിയെടുക്കാനും വിദ്യാഭ്യാസ ലോകത്തെ പുതിയ ചലനങ്ങളിൽ ഉൽസുകരാക്കാനും പറ്റിയ ഒരു മാർഗ്ഗ ദർശകന്റെ പങ്കാണ് അദ്ധ്യാപകനുള്ളത്. ലക്ചർ മെത്തേഡിനോടൊപ്പം ഉപയോഗപ്പെടുത്താവുന്ന മറ്റു പല അദ്ധ്യാപന സമ്പ്രദായങ്ങളും ഇന്ന് നിലവിലുണ്ട്. വിദ്യാർത്ഥികളുടെ അവസ്ഥക്കും നിലവാരത്തിനുമൊത്ത് ഇവ പരീക്ഷിക്കാവുന്നതാണ്.

അദ്ധ്യാപകർക്ക് തൃപ്തികരമാം വണ്ണം പാഠ ഭാഗങ്ങൾ മുഴുവനായി എടുത്തു തീർക്കാൻ സാധിക്കാതെ വരുന്ന പരിതസ്ഥിതി എങ്ങനെ വന്ന് ചേരുന്നു എന്ന് കൂടി ആലോചിക്കേണ്ടതുണ്ട്. പഠിപ്പ് മുടക്ക്, ബന്ദുകൾ, ഒഴിവ് ദിനങ്ങൾ തുടങ്ങിയവ കാരണം വർഷത്തിൽ ഏത്ര ക്ലാസ്സുകളാണ് നഷ്ടമാവുന്നത്. ഇതിനദ്ധ്യാപകരെ കുറ്റപ്പെടുത്താനാവുമോ?

ചോദ്യ-ഉത്തര പേപ്പറുകളുടെ ചോർച്ച വിദ്യാർത്ഥികളെ മാത്രമല്ല രക്ഷിതാക്കളെയും ബന്ധപ്പെട്ട എല്ലാവരെയും പല രൂപത്തിലും തളർത്തുന്നു എന്നതാണ് വാസ്തവം.

ഉദ്ദ്യേശിച്ച മാർക്ക് കിട്ടിയില്ല എന്ന പേരിൽ മൂല്യ നിർണ്ണയ ക്യാമ്പിലെ അദ്ധ്യാപകരെ അടിച്ചാക്ഷേപിക്കുന്നത് ശരിയല്ല.


അദ്ധ്യാപന രംഗത്തെ രാഷ്ട്രീയ വൽക്കരിക്കുന്നതിനോട്



യോജിപ്പില്ല. എന്നാൽ വാലേഷൻ ക്യാമ്പുകളിലും മറ്റും ഇതാണ് നടക്കുന്നതെന്ന അഭിപ്രായമില്ല.

ഒട്ടേറെ ഘടകങ്ങൾ ഒത്തു ചേരുന്നതാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. വിദ്യാർത്ഥിയുടെ ഗാർഹിക പശ്ചാത്തലം, ഹാജർ, പഠനത്തിൽ കാണിക്കുന്ന ഔത്സുക്യം, കാമ്പസിലെ സംവിധാനം ഉപയോഗപ്പെടുത്തുന്നതിലുള്ള ശ്രദ്ധ. സിലബസ്സിനോടും പരീക്ഷകളോടുമുള്ള സമീപനം, ഇവയെല്ലാം വിദ്യാർത്ഥിയെ ബാധിക്കുന്ന കാര്യങ്ങൾ തന്നെ. ഈ ഘടകങ്ങൾ വിദ്യാർത്ഥിയെ എങ്ങനെ സ്വാധീനിച്ചു എന്നറിയാതെ 'വിദ്യാഭ്യാസ വ്യവസ്ഥയുടെയും അദ്ധ്യാപകരുടെയും മറ്റും കാരണങ്ങൾ കൊണ്ട് പരാജയപ്പെടേണ്ടി വരുന്ന' വിദ്യാർത്ഥികളെ എങ്ങനെ തിരിച്ചറിയും ?

വിദ്യാഭ്യാസ രംഗത്തെ വിവിധ സ്വഭാവങ്ങളുള്ള ഘടകങ്ങളുടെ ബാഹുല്യവും ഓരോ ഘടകത്തിന്റെയും, മൂല്യ നിർണ്ണയത്തിനുള്ള പ്രായോഗിക വിഷമതയും വിദ്യാഭ്യാസം ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് തടസ്സമുണ്ടാക്കും. വിദ്യാർത്ഥി, അദ്ധ്യാപകൻ, രക്ഷിതാവ്, വിദ്യാലയ സംവിധാനങ്ങൾ, ചുറ്റുപാടുകൾ, ബാഹ്യ ഘടകങ്ങൾ ഇവയെല്ലാം വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളായിരിക്കെ അദ്ധ്യാപകരെ മാത്രം ഉപഭോക്തൃ നിയമത്തിൽ കൊണ്ടു വരുന്നതിന് പ്രസക്തിയുണ്ടോ ?ഓരോ തലത്തിനും, ഘടകത്തിനും വെവ്വേറെ ഉത്തരവാദിത്വങ്ങൾ നിർവചിച്ച് നൽകാൻ സാധിക്കുന്നത് വരെ ഇത്തരം നിയമം ഫലപ്രദമായി നടപ്പിലാക്കാൻ പ്രയാസമാണ്. ❑



# കെ.ഇ.എൻ

(മലയാളം ഡിപ്പാർട്ട്മെന്റ്)

അടിസ്ഥാന പരമായി കലാലയങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ (political Institution) ആണെന്നിരിക്കേ കലാലയ രാഷ്ട്രീയമാണ് സർവ്വ പ്രശ്നങ്ങളുടെയും ഹേതു എന്ന് വാദം അസംബന്ധമാണ്. സജീവമായ രാഷ്ട്രീയത്തിന്റെ അസാന്നിദ്ധ്യമാണ് ഇന്നത്തെ കലാലയ പ്രശ്നങ്ങളുടെ യഥാർത്ഥ കാരണം.

സജീവമായ രാഷ്ട്രീയം സംവാദാത്മകമാണ്. അത് ജീർണ്ണതയെ നശിപ്പിക്കുന്നു. വിമോചനത്തിന്റെ താക്കോലായ അറിവ് കൊണ്ട് തന്നെ ഭരണാധികാരികൾ തങ്ങളെ അടിച്ചമർത്തുന്നു എന്ന തിരിച്ചറിവ് വിദ്യാർത്ഥിക്ക് നൽകുന്നു.

രഷ്ട്രീയം ഒഴിവാക്കുന്നതിലടെ പ്രജകളുടെ രാഷ്ട്രീയം മാത്രമേ ഇല്ലാതാവുകയുള്ളൂ. അതായത് ഒരു ജനാധിപത്യ രാഷ്ട്രത്തിൽ പൗരൻ ആർജ്ജിച്ചെടുത്ത അവകാശങ്ങളെ അധികാരത്തിന് മുന്നിൽ അവന് അടിയറ വെക്കേണ്ടി വരുന്നു. രാഷ്ട്രീയ വർജ്യത്തിലൂടെ ഉണ്ടാവുന്ന നിശബ്ദത സർഗാത്മകമല്ല, നിഷേധാത്മകമാണ്.

ഏതൊരു വ്യവസ്ഥയിലും ആ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസം രൂപകൽപ്പന ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് ഇന്ന് കാണുന്ന അനാരോഗ്യതകൾക്ക് കാരണം ഇത്തരമൊരു പ്രത്യയശാസ്ത്ര മർദ്ദന ഉപകരണമായി വിദ്യാഭ്യാസത്തെ ഉപയോഗിച്ചതാണ്.

സാമ്രാജ്യത്വ രാഷ്ട്രങ്ങൾ അവരുടെ കോളനികൾക്ക് സ്വാതന്ത്ര്യം നൽകിയ പ്പോൾ വിദ്യാഭ്യാസ വ്യവസ്ഥയെ അവരുടെ സംസ്ക്കാരത്തിനനുസൃതമായി രൂപപ്പെടുത്തിയിരുന്നു. കാരണം കോളനികളുടെ സാംസ്ക്കാരികാപചയത്തിലൂടെ മാത്രമേ അവിടെ നിന്നുള്ള ചെറുത്തു നിൽപ്പിനെയും ഉയർത്തെഴുന്നേൽപ്പിനെയും തടയാനാവൂ എന്നവർ മനസ്സിലാക്കി. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന വിദ്യാഭ്യാസ ക്രമം ബ്രിട്ടീഷുകാർ ഇവിടെ വിതച്ച വിത്ത് മുളച്ചതാണ്. ഈ വ്യവസ്ഥ ഭരണ കൂടത്തിന് പ്രതികരണശേഷിയില്ലാത്ത കറെ പ്രജകളെ സംഭാവന ചെയ്തു.

പഴയ ഗുരു കുലങ്ങൾ ഇല്ലാതായെങ്കിലും ഗുരു ഇന്നും നിലനിൽക്കുന്നു. നിലവിൽ അദ്ധ്യാപകൻ അധികാരിയാണ്. അറിവിന്റെ അവസാന വാക്കാണ്. സത്യത്തിൽ അയാൾ തന്റെ ജോലിയോട് നീതി പുലർത്തുന്നുണ്ടെങ്കിൽ ഒരന്വേഷകൻ മാത്രമാണ്. ക്ലാസ്സ് റൂമുകളിൽ നടക്കുന്ന പ്രഭാഷണങ്ങൾ ഏകപക്ഷീയങ്ങളാണ്. സംവാദ രഹിതമാണ്. ക്ലാസ്സ് റൂം ഒരു വലിയ ഏകവചനമായി മാറുകയാണ് ഈ വിദ്യാഭ്യാസ വ്യവസ്ഥയിൽ.

ലാഭമാണെങ്കിൽ നില നിർത്തണം, നഷ്ടമാണെങ്കിൽ തകർക്കണം എന്ന നയം ഒടുവിൽ വിദ്യാഭ്യാസ രംഗത്തേക്കും കടന്നു വന്നിരിക്കുന്നു. വിദ്യാർത്ഥികളിൽ നിന്നും അന്യായമായി കടുത്ത ഫീസ് ഈടാക്കുന്നത് ഇതിന്റെ ഭാഗമാണ്. അദ്ധ്യാപകന്റെ യോഗ്യത ഡിഗ്രികളിൽ നിന്നും കോഴയിലേക്കിറങ്ങിയിരിക്കുന്നു.

സത്യത്തിൽ കാമ്പസുകളിൽ ഇന്നേറ്റവും അപകടകാരികൾ 'ചെത്തി ' നടക്കാൻ മാത്രം വരുന്ന കൂട്ടരാണ്. ഉൾകണ്ഠകളില്ലാത്ത, ചിന്തകളില്ലാത്ത വെറും ഉപരിപ്ലവമായ 'ചെത്തു സംസ്ക്കാരം' ഈ നൂറ്റാണ്ടിന്റെ ശാപമായിരിക്കും.

ഏത് പേക്കൂത്തുകൾക്കും, തോന്ന്യാസികൾക്കും രാഷ്ട്രീയ തണൽ ലഭിക്കുന്നു എന്നത് ഇന്നത്തെ രാഷ്ട്രീയത്തിന്റെ ഒരു നെഗറ്റീവ് വശം തന്നെയാണ്. രാഷ്ട്രീയത്തിന്റെ ബലഹീനമായ ഉപയോഗം മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

പുറം ലോകത്തെ പ്രശ്നങ്ങളിൽ നിന്നും തലയൂരാതെ എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ കേവലാനുബന്ധമാവാതെ കാമ്പസിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ വിദ്യാർത്ഥി സംഘടനകൾക്കാവണം. കാമ്പസിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതിക്ക് വേണ്ടി വ്യത്യസ്ത ആശയക്കാരായ സംഘടനകൾക്കും കൈ കോർക്കാവുന്നതാണ്.

കാമ്പസ് തെരഞ്ഞെടുപ്പുകൾ ആശയ സംവാദത്തിനുള്ള സന്ദർഭങ്ങളൊരുക്കണം. ഉയർന്ന മണ്ഡലത്തിലുള്ള സംവാദത്തിലൂടെ മാത്രമേ സങ്കുചിതത്വത്തിൽ നിന്ന് കര കയറാനാവൂ.

വിദ്യാഭ്യാസ പ്രക്രിയയിൽ വിദ്യർത്ഥികളും അദ്ധ്യാപകരും രക്ഷാകർത്താക്കളും ഒരു പോലെ പങ്കു കൊള്ളുന്നു. ഓരോ വിഭാഗവും തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ നയ രൂപീകരണത്തിൽ ഈ വിഭാഗങ്ങളും ഉൾക്കൊള്ളേണ്ടതുണ്ട്. സെനറ്റ്, സിണ്ടിക്കേറ്റ്, എന്നീ ബോഡികളുടെ അധികാരം ചുരുക്കുന്ന നടപടി വിദ്യാഭ്യാസത്തിലെ അവശേഷിക്കുന്ന ജനാധിപത്യത്തെയും നശിപ്പിക്കുന്നു.

അദ്ധ്യാപകരുടെ യോഗ്യതയ്ക്ക് UGC പരീക്ഷ ശരിയായ മാനദണ്ഡമല്ല. വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരെ വിലയിരുത്താനുള്ള അവസരം നൽകണം.

നിലവിലുള്ള വ്യവസ്ഥയനുസരിച്ചെങ്കിലും കാര്യങ്ങൾ ഭംഗിയായി നടക്കേണ്ടതുണ്ട്. പരീക്ഷാ ക്രമക്കേടുകൾ വിദ്യാർത്ഥികളെയാണ് മാരകമായി ബാധിക്കുന്നത്. വീട്ടിൽ കൊണ്ടു പോയുള്ള പേപ്പർ പരിശോധന ഒഴിവാക്കി കേന്ദ്രീകൃത മൂല്യം നിർണ്ണയം നിർബന്ധമാക്കണം. മൂല്യ നിർണ്ണയം ചെയ്ത പേപ്പറുകൾ നിശ്ചിത സമയത്തേക്ക് വിദ്യാർത്ഥികൾക്ക് തിരിച്ച് കൊടുക്കുകയും വേണം.

ഏത് വിധത്തിലും നീതി നിഷേധിക്കപ്പെടുന്ന വിദ്യാർത്ഥിക്ക് നിയമ സഹായം ലഭിക്കേണ്ടതുണ്ട്. ഉപഭോക്തൃ കോടതികളും സൗകര്യ പ്രദമാണെങ്കിൽ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ❑

## പ്രൊഫ. കെ. എ. ജലീൽ

(മുൻ പ്രിൻസിപ്പാൾ)

ഇന്നത്തെ വിദ്യാഭ്യാസ രീതി അപൂർണ്ണമാണ്. ക്ലാസ്സ് റൂമുകളിൽ പകുതിയിലധികം നോട്ട് കൊടുക്കാൻ എടുക്കുന്നു. അദ്ധ്യാപകരും , വിദ്യാർത്ഥികളും ക്ലാസ്സിനായി ഒരുങ്ങി വരുന്നില്ല.

വിദ്യാഭ്യാസം ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടക്കുന്നതെന്ന സൂചന ശരിയാണെന്ന് തോന്നുന്നില്ല. ഏതായാലും കോളേജ് വിദ്യാഭ്യാസം ഈ അടിസ്ഥാനത്തിലല്ല.

യൂനിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥർ ചില സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്. പരീക്ഷ നടത്തിപ്പ് - ഫലപ്രഖ്യാപന രീതികളിലെ വൈകല്യമാണ് ക്രമക്കേടുകൾക്ക് കാരണമാവുന്നത്. സന്ദർഭമനുസരിച്ച് കുറ്റവാളികളെ കണ്ടെത്തണം.

രാഷ്ട്രീയാതി പ്രസരം വിദ്യാഭ്യാസത്തെ നശിപ്പിക്കുന്നു. സമൂഹത്തിന്റെ ശ്രദ്ധകുറവാണ് വിദ്യാഭ്യാസത്തിലെ അഴിമതികൾക്കും, മൂല്യശോഷണങ്ങൾക്കും കരുത്തേകുന്നത്.

ക്ലാസ്സ്മുറികളിലെ ആശയവിനിമയങ്ങൾക്ക് തടസ്സം നിൽക്കുന്നത് അദ്ധ്യാപകരുടെ യോഗ്യതയില്ലായ്മയാണ് എന്ന അഭിപ്രായമില്ല. സംവിധാനത്തിന്റെ അപര്യാപ്തതയാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. ഇതിലുള്ള പരിവർത്തനങ്ങൾ മൂലം ക്ലാസ്സുമുറികളിലെ ഏകപക്ഷീയത ഒഴിവാക്കാനാവും.

മൂല്യനിർണ്ണയക്യാമ്പിൽ ഉത്തരവാദിത്തം നിർവഹിക്കാത്തവർ കുറ്റക്കാരാണ്. ഇത്തരം ക്യാമ്പുകളെ സമരോപാധിയാക്കുന്നത് നന്നല്ല. വേണ്ട സമയങ്ങളിൽ വേതനവർദ്ധന നടത്താതെ, സമരം നടത്തുമ്പോൾ മാത്രം വേതനം വർദ്ധിപ്പിക്കുന്ന നടപടി സമരങ്ങളെ പ്രോൽസാഹിപ്പിക്കുന്നു.

വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ സഹായകമാണ്. ഉപഭോക്തൃനിയമത്തിൽ ഇതുകൂടി ഉൾപ്പെടുത്തുന്നത് കൊണ്ട് വിരോധമില്ല. ❑



## എം.ഉസ്മാൻ

(ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റ്)

ഒരു രാഷ്ട്രത്തിലെ മനുഷ്യ വിഭവത്തിന്റെ സമ്പൂർണ്ണ വികസനമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഇത് സാദ്ധ്യമാകുന്നത് യഥാർത്ഥമായ വ്യക്തിത്വ വികസനത്തിലൂടെയാണ്. വിദ്യാഭ്യാസത്തിന് വേണ്ടി ചിലവഴിക്കുന്ന വിഭവങ്ങൾ യഥാർത്ഥത്തിൽ ദീർഘ കാലത്തേക്കുള്ള നിക്ഷേപങ്ങളാണ്. ഹ്രസ്വ കാലയളവിൽ അതിൽ നിന്നും ലഭിക്കുന്ന ഫലങ്ങളോടൊപ്പം ദീർഘ കാലയളവിൽ അതുവഴി നേടുന്ന സാമൂഹ്യ പരിവർത്തനവും കണക്കിലെടുക്കേണ്ടതുണ്ട്.

നമ്മുടെ ക്ലാസ്സ് മുറികളിൽ അർത്ഥ പൂർണ്ണമായ സംവേദനങ്ങൾ നടത്താനുള്ള സാഹചര്യങ്ങൾ തുലോം പരിമിതങ്ങളാണ്. ഇതിൽ കുറ്റക്കാർ അദ്ധ്യാപകരോ വിദ്യാർത്ഥികളോ അല്ല ; മറിച്ച് നിലവിലുള്ള വിദ്യാഭ്യാസ രീതി തന്നെയാണ്. വ്യക്തിത്വ വികസനത്തിന്റെ ഏറ്റവും നിർണ്ണായക കാലഘട്ടമായ കൗമാ

രത്തിൽ കലാലയത്തിലെത്തുന്ന ഒരു വിദ്യാർത്ഥിക്ക് ഇന്ന് നടുക്കടലിലെത്തിയ പ്രതീതിയാണുള്ളത്. ശരിയായ രീതിയിലുള്ള മാർഗ്ഗ ദർശനം നേടിയെടുക്കാൻ അവന് കഴിയുന്നില്ല. ഉയർന്ന വിദ്യാർത്ഥി അദ്ധ്യാപക അനുപാതം മൂലം അദ്ധ്യാപകനും വിദ്യാർത്ഥിക്കും വ്യക്തി ബന്ധങ്ങൾ വളർത്താൻ കഴിയുന്നില്ല. ഇത് തുടർച്ചയായ ഒരു വിനിമയ ശൂന്യത സൃഷ്ടിക്കുന്നു. എന്നാൽ താരതമ്യേന വിദ്യാർത്ഥികൾ കുറവുള്ള ബിരുദ-ബിരുദാനന്തര തലങ്ങളിൻ വ്യക്തി ബന്ധങ്ങൾ കുറെയൊക്കെ നിലനിൽക്കുന്നു. ഇന്നത്തെ ക്ലാസ്സ് മുറികളിലെ മറ്റൊരു പ്രധാന പ്രശ്നം വിദ്യാർത്ഥിക്ക് വിഷയത്തിലുള്ള താൽപ്പര്യ രാഹിത്യമാണ്. രക്ഷിതാക്കളുടെ നിർബന്ധങ്ങൽക്ക് വഴങ്ങിയോ, ഇഷ്ടപ്പെട്ട വിഷയങ്ങൾക്ക് മാർക്ക് കുറഞ്ഞു പോയത് കൊണ്ട് കിട്ടാത്തത് കൊണ്ടോ കിട്ടിയ വിഷയങ്ങൾ പഠിക്കാൻ വിധിക്കപ്പെട്ടവരാണ് പലരും. ഇത് ഇന്നത്തെ ക്ലാസ്സ് മുറികളിൽ കനത്ത വിനിമയ തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്ന് പറയാതെ വയ്യ.

ഇന്ന് കലാലയത്തിൽ കാണുന്ന ദുഷ്പ്രവണതകൾ കലാലയത്തിന് പുറത്ത് സമൂഹത്തിൽ നില നിൽക്കുന്ന പ്രശ്നങ്ങളുടെ പ്രതിഫലനമാണ് എന്ന് പലരും പറയാറുണ്ട്. ഇത് പ്രശ്നത്തിന്റെ അമിതമായ ലളിത വൽക്കരണം മാത്രമാണ്. ഒരു തരം ഒളിച്ചോട്ടമാണിത്. വിദ്യാഭ്യാസ രംഗത്തെ സമൂഹത്തിൽ നിന്ന് പൂർണ്ണമായും 'ഇൻസുലേറ്റ് ' ചെയ്യുക എന്നത് അസാദ്ധ്യമാണ്. മറിച്ച് സമൂഹത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം നിർദ്ദേശിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം. അതായത് വിദ്യാഭ്യാസത്തിന്റെ പങ്ക് തികച്ചും prescriptive ആണ് ;descriptive അല്ല. ഇത് സാദ്ധ്യമാവണമെങ്കിൽ കമ്പോള സിദ്ധാന്തങ്ങൾക്ക് പകരം സനാതന മൂല്യങ്ങൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലകളായി മാറണം. അത്തരം ഒരു വിദ്യാഭ്യാസ രീതി സമൂഹത്തെ നിരന്തരമായ പരിവർത്തനത്തിന് വിധേയമാക്കി കൊണ്ടിരിക്കും.

അദ്ധ്യാപനമെന്നത് നിരന്തരമായ ഒരു പഠന പ്രക്രിയയാണ്. വിഷയത്തിലുള്ള അവഗാഹം, സമീപനത്തിലെ ആത്മാർത്ഥത, വിദ്യാർത്ഥികളോടുള്ള സ്നേഹം, ക്ലാസ്സ മുറിയിലെയും, കലാലയത്തിലെയും ഭൗതിക ചുറ്റുപാടുകൾ, വിദ്യാർത്ഥികളുടെ നിലപാട്, സ്വന്തം കഴിവിലുള്ള വിശ്വാസം എന്നിങ്ങനെ അദ്ധ്യാപനത്തെ ബാധിക്കുന്ന ഘടകങ്ങൾ പലതാണ്. ഇത്തരം ഘടകങ്ങൾ കണക്കിലെടുത്ത് തന്റെ നിലവാരം മെച്ചപ്പെടുത്താൻ നിരന്തരവും മനഃപൂർവവുമായ ശ്രമം നടത്തുന്ന അദ്ധ്യാപകർക്ക് മാത്രമേ നിലവിലുള്ള ചുറ്റു പാടുകളിൽ വിദ്യാർത്ഥിക്ക് യഥാർത്ഥ മാർഗ്ഗ ദർശനം നൽകാൻ കഴിയൂ.


വിദ്യാർത്ഥിയും അദ്ധ്യാപകനും തമ്മിൽ ഉൽപാദക-ഉപഭോക്തൃ ബന്ധമല്ല ഉള്ളത്. വിദ്യാഭ്യാസം കമ്പോള വൽക്കരണത്തിനതീതമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നു. ഉപഭോക്താവിന്റെയും ഉൽപ്പാദകന്റെയും ലക്ഷ്യങ്ങൾ തുലോം വിഭിന്നമാണ്. എന്നാൽ വിദ്യാർത്ഥിയുടെയും അദ്ധ്യാപകന്റെയും ലക്ഷ്യം ഒന്ന് തന്നെയാണ്. ഒന്ന് തന്നെയായിരിക്കണം. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം പരസ്പരം പൂരകങ്ങളാണ് ; കമ്പോളത്തിലെന്ന പോലെ പരസ്പര മാൽസര്യത്തിന്റേതല്ല. സമൂഹത്തോടുള്ള പ്രതിബദ്ധതയാണ് ഇവരെ പരസ്പരം കൂട്ടിയിണക്കുന്ന കണ്ണി.

വിദ്യാഭ്യാസ രംഗം നിലവിലുള്ള ഉപഭോക്തൃ നിയമങ്ങൾക്ക് അതീതമാണ്. കമ്പോളത്തിലെ ഉപഭോക്താവിന്റെ നിർവ്വചനത്തിന്റെ പരിധിയിൽ നിർത്താവുന്നവനല്ല വിദ്യാർത്ഥി. അങ്ങനെ ചെയ്യുന്നത് അവന് തന്നെ ആത്മഹത്യാപരമാണ് . എന്നാൽ അദ്ധ്യാപനം, പരീക്ഷ, മൂല്യ നിർണ്ണയം, ഫല പ്രഖ്യാപനം എന്നീ കാര്യങ്ങളിൽ സമ്പൂർണ്ണമായ നീതി ലഭിക്കാൻ അവന് അർഹതയും അവകാശവുമുണ്ട്. ഇത് നിഷേധിക്കപ്പെടുമ്പോൾ പ്രതികരിക്കാതിരിക്കുന്നത് വെറും ഉപേക്ഷ മാത്രമല്ല, ആത്മഹത്യാ പരമായ സമീപനം കൂടിയാണ്. താനെഴുതിയ ഉത്തരക്കടലാസുകൾ വസ്തു നിഷ്ടമായ വിലയിരുത്തലോട് കൂടി തിരിച്ച് കിട്ടാൻ വിദ്യാർത്ഥിക്ക് അവകാശമുണ്ട്. പരീക്ഷ എന്നത് ഒരു യാദൃശ്ചികതയാവരുത്. വർഷത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന, ചുരുങ്ങിയ സമയത്തെ ഭാഗ്യ പരീക്ഷണവുമാകരുത് പരീക്ഷ. പരീക്ഷ വിദ്യാർത്ഥിയെ പരീക്ഷണ വിധേയമാക്കരുത് ; വിലയിരുത്തുന്നതാവണം. അദ്ധ്യയനവും അദ്ധ്യാപനവും പോലെ തന്നെ വിലയിരുത്തലും ഒരു നിരന്തര പ്രക്രിയയാവട്ടെ. ❑


## കെ. മണികണ്ഠൻ

(സോഷ്യോളജി ഡിപ്പാർട്ട്മെന്റ്)


വിദ്യാഭ്യാസം വിദ്യാർത്ഥിയുടെ അവകാശമാണ്. ഇന്ന നടക്കുന്നത് പോലെ ലാഭ നഷ്ടങ്ങൾ കൂട്ടിക്കിഴിച്ച് കൊണ്ടുള്ള സമീപനം വിദ്യഭ്യാസത്തോട് പാടില്ല. അത് പൂർണ്ണമായും സൗജന്യമായിരിക്കണം.ചെലവാക്കപ്പെടുന്ന വിഭവങ്ങൾ നാമാഗ്രഹിക്കുന്ന മാറ്റങ്ങൾക്കുതകുന്നില്ല. എന്നത് ഒരു പ്രശ്നം തന്നെയാണ്. ലഭിക്കുന്ന പണം ഫലപ്രദമായും ശാസത്രീയമായും കൈകാര്യം ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരളവോളം ഇതിനുത്തരവാദികളാണ്.



വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കരുത്. അമിതമായ രാഷ്ട്രീയം ഈ മേഖലയിലും കടന്നു കയറുന്നത് ആപൽക്കരമാണ്. യൂനിവേഴ്സിറ്റി, സിൻഡിക്കേറ്റ് തുടങ്ങിടവയുടെ തീരുമാനങ്ങൾ വിദ്യാർത്ഥികൾക്ക് എങ്ങനെ ഗുണകരമാവും എന്ന് നോക്കാതെ ഏകപക്ഷീയമായ രീതിയാലാകുന്നുണ്ട്. പലപ്പോഴും ഈ തീരുമാനങ്ങൾ വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കപ്പെടുന്നു.

യൂനിവേഴ്സിറ്റി തലത്തിൽ തന്നെ ഒരു പരിഷ്ക്കരണം ആവശ്യമായ ഈ അവസ്ഥയിൽ, ഒരു പുതിയ യൂനിവേഴ്സിറ്റി അനുവദിച്ചാലും കഥ മറ്റൊന്നാവില്ല. ഇനിയുമിനിയും പുതിയ തസ്തികകൾ സൃഷ്ടിച്ച് വിടുന്നതിന് മുൻപ്, ഉള്ളവയിലെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ലജ്ജാകരങ്ങളായ വാർത്തകളാണ് പരീക്ഷാ ക്രമക്കേടുകളെ കുറിച്ച് പുറത്ത് വരുന്നത്. വാല്വേഷന് പേപ്പർ അയക്കുന്നത് മുതൽ, റിസൽട്ട് പുറത്ത് വരുന്നത് വരെയുള്ള സമയം വിദ്യാർത്ഥികൾക്ക് ഏറ്റവും ഭയാനകമാണ്. തലപ്പത്തിരിക്കുന്ന വ്യക്തികളുടെ ഉത്തരവാദിത്വമില്ലായ്മ പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു. ഉത്തര പേപ്പറുകൾ വാങ്ങി വെച്ച്, അധിക തുകക്ക് വേണ്ടി ബഹിഷ്ക്കരണങ്ങളും, മറ്റ് സമര മുറകളും നടത്തുന്ന അദ്ധ്യാപകരും ഇക്കാര്യത്തിൽ കുറ്റക്കാരാണ്.

വിദ്യാലയ രാഷ്ട്രീയം ഒഴിവാക്കണമെന്ന വാദത്തോട് യോജിക്കാൻ കഴിയില്ല. പക്ഷേ, ഇന്ന് നില നിൽക്കുന്ന കക്ഷി രാഷ്ട്രീയം പ്രാപ്തരായ നേതാക്കളെയും, കാര്യബോധമുള്ള അണികളെയും സൃഷ്ടിക്കാൻ പര്യാപ്തമല്ല. മുൻ കാലങ്ങളിലെ രാഷ്ട്രീയ പ്രവർത്തകർ അടിസ്ഥാന മൂല്യങ്ങളിൽ നിന്ന് കൊണ്ടായിരുന്നു പ്രവർത്തിച്ചിരുന്നത്.

അദ്ധ്യാപകന്റെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ നിന്നാണ് നല്ല ക്ലാസ്സ് പിറവിയെടുക്കുന്നത്. വിദ്യാർത്ഥികളുടെ പ്രതികരണങ്ങൾ മനസ്സിലാക്കുന്നയാളാവണം അദ്ധ്യാപകൻ. ക്ലാസ്സ് റൂം വിദ്യാഭ്യാസത്തിലെ അപാകതകൾക്ക് അദ്ധ്യാപകനെ മാത്രം പഴി ചാരുന്നതിൽ അർത്ഥമില്ല.

ബഹുമാനവും , ആദരവും അദ്ധ്യാപകന് ചോദിക്കാതെ ലഭിക്കേണ്ട ബഹുമതികളാണ്. ഏകാധിപത്യ രീതിയിൽ ബഹുമാനം നേടിയെടുക്കാനുള്ള ശ്രമം, അദ്ധ്യാപകന്റെ ഭാഗത്ത് നിന്നായാലും എതിർക്കപ്പെടേണ്ടതാണ്. ബാധ്യതകളും, കർത്തവ്യങ്ങളും യഥാവിധി ചെയ്യുന്ന അർപ്പണ മനോഭാവമുള്ള ഒരദ്ധ്യാപകന് ഒരിക്കലും ബഹുമാനം ചോദിച്ചു വാങ്ങേണ്ട ഗതി വരില്ല.

വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ, അവ സംരക്ഷിക്കാൻ ലഭ്യമായ എല്ലാ നിയമവശങ്ങളുടെയും സഹായം തേടാം. ഉപഭോക്തൃ ഫോറങ്ങളെയും, ഈയാവശ്യത്തിനായി വിദ്യർത്ഥികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ❑



## സി. സുരേന്ദ്രൻ

വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കപ്പെടുന്നതിന്റെ ചെറിയൊരു ഭാഗം പോലും ക്ലാസ്സ്മുറികളിൽ നിന്നും ലഭിക്കുന്നില്ല എന്നത് സത്യമാണ്. വിദ്യാഭ്യാസത്തിന് വ്യക്തിപരമായും, സാമൂഹ്യപരമായതുമായ ലക്ഷ്യമുണ്ട്. കഴിവും കാര്യപ്രാപ്തിയുമുള്ളവരെ വാർത്തെടുക്കാൻ വേണ്ടിയാണ് സമൂഹം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇത്രയധികം മുതൽമുടക്കുന്നത്. അത് തിരിച്ചുകിട്ടുന്നത്, വിദ്യാസമ്പന്നർ സമൂഹത്തെ സേവിക്കുമ്പോഴാണ്. പക്ഷേ ഇന്ന് വിദ്യനേടിയവർ സ്വയം സഹായിക്കാൻ കഴിവില്ലാത്തവരായിരിക്കുന്നു. അവർക്കെങ്ങനെ സമൂഹത്തെ സ്ഹായിക്കാനാവും.

അറിവിനെ വ്യാപാര വൽക്കരിക്കുന്നത് അനീതിയാണ്. വിദ്യ മനുഷ്യകുലത്തിന്റെ സമ്പാദ്യമാണ്. പഴയകാലത്ത് അറിവ് സമ്പാദിക്കുവാനുള്ള അവകാശം ഒരു പ്രത്യോക വിഭാഗത്തിനുമാത്രമായി സംവരണംചെയ്യപ്പെട്ടിരുന്നു. ഇന്നത്തെ അധികാരികളുടെ ചില.ചെയ്തികൾ കാണുമ്പോൾ ആ സമ്പ്രദായത്തിന്റെ തുടർച്ചതന്നെയല്ലേ ഇതും എന്നു തോന്നിപ്പോകുന്നു.

ഇന്ത്യയിൽ ഏത് മേഖലയിലും സ്വധീനം ഉപയോഗിച്ച് കയറിപ്പറ്റാൻ എളുപ്പമാണ്. ജാതി, പണം, മതം തുടങ്ങിയവയൊക്കെ അധികാരത്തിലേക്കുള്ള ചവിട്ടുപടികളാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയും ഇതിൽനിന്നും വിമുക്തമല്ല. അർഹിക്കാത്തവരാണ് അധികാരത്തിലിരിക്കുന്നത്. യോഗ്യരുടെ വിരൽ മുറിച്ചെടുത്ത് അയോഗ്യരെ വാഴ്ത്തുന്ന പാരമ്പര്യമാണല്ലോ ഭാരതത്തിന് പരിചയം.

വിദ്യാലയരാഷ്ട്രീയത്തിന് ഒരു പരിധി നിശ്ചയിക്കുന്നത് നല്ലതാണ്. ഇന്ന് അതിന് ഒരു നയമേ ഇല്ല. വിദ്യാർത്ഥികളല്ല ഇന്ന് വിദ്യാർത്ഥി രാഷ്ട്രീയം നിയന്ത്രിക്കുന്നത്. സ്വന്തം യുക്തി ഉപയോഗിക്കുവാൻ വിദ്യാർത്ഥികൾ തയ്യാറാവണം. വിദ്യാർത്ഥി രാഷ്ട്രീയം ഇല്ലാതായാൽ അത്രയും സമാധാനം കാമ്പസ്സുക ളിൽ ഉണ്ടാവും.

സമൂഹത്തിന്റെ നിസ്സംഗത പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുമെന്നുറപ്പാണ്. നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷവും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യങ്ങളെകുറിച്ച് അജ്ഞരാണ്. തങ്ങൾ ഇതിനുവേണ്ടി മുതൽമുടക്കുന്നുണ്ടെന്നുപോലും പലരും അറിയുന്നില്ല. എല്ലാം ഒരു ന്യൂനപക്ഷത്തിന്റെ നിയന്ത്രണത്തിലാണ്. എല്ലാവരും അവരെ കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരിക്കുകയാണ്.

വിദ്യാർത്ഥി സമൂഹത്തിന്റെ ഭാഗമാണ്. അവന്റെ പരാജയത്തിന് വിദ്യാഭ്യാസവ്യവസ്ഥയും, അധ്യാപകരും, അവനും, സമൂഹവും ഉത്തരവാദികളാണ്. ഏകപക്ഷീയമായ ഒരു കാരണം വിജയത്തിനും പരാജയത്തിനും കണ്ടെത്താനാവുകയില്ല. പല വിദ്യാർത്ഥികളും കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് അവന്റെ അഭീഷ്ടപ്രകാരമല്ല. മാതാപാതാക്കളുടെ സ്വപ്നങ്ങൾ സഫലീകരിക്കാനുള്ള യജ്ഞനത്തിൽ തകർന്നു പോകുന്നവരാണധികവും. ക്ലാസ്സ്റൂം-അന്തരീക്ഷം , അവന് കിട്ടുന്ന അനുഭവങ്ങൾ, ഗൃഹാന്തരീക്ഷം ഇവയൊക്കെ വിജയത്തിലും പരാജയത്തിലും സ്വാധീനിക്കുന്നുണ്ട്.

അധ്യാപകരുടെ യോഗ്യതയില്ലായ്മക്കൊപ്പം പ്രതികരണശേഷി നഷ്ടപ്പെട്ട വിദ്യാർത്ഥി സമൂഹവും ക്ലാസ്സ്റൂം വിദ്യാഭ്യാസത്തെ 'വൺവെട്രാഫിക്കാ 'ക്കി മാറ്റുന്നതിൽ പങ്കുവഹിക്കുന്നുണ്ട്. അദ്ധ്യാപകരാവാൻ ഒരു താല്പര്യവും, അർഹതയും ഇല്ലാത്ത ചിലർ ഈ രംഗത്തുണ്ട്. പണവും, സ്വാധീനവുമുള്ളതുകൊണ്ട് അദ്ധ്യാപകരായവരും ഒരു ജോലിക്കുവേണ്ടിവന്നവരും , പദവിസംരക്ഷിക്കാനെത്തിയവരുമൊക്കെ അക്കൂട്ടത്തിലുണ്ട്. അവർക്കൊക്കെ അദ്ധ്യാപനം ഒരു സൈഡ്ബിസിനസ്സാണ്. യഥാർത്ഥ അദ്ധ്യാപകന്റെ ക്ലാസ്സ് വൺവെട്രാഫിക്കാവുകയില്ല. അവർ കുട്ടികളുടെ ചോദ്യം ചെയ്യാനുള്ള കഴിവിനെ വളർത്തുന്നു.

മൂല്യനിർണയക്യാമ്പ് ബഹിഷ്കരണം രാഷ്ട്രീയത്തേക്കാളുപരി, പണത്തിനുവേണ്ടിയുള്ളതല്ലേ ? താത്പര്യമില്ലാതെ ചെയ്യുന്ന ഏതു ജോലിയും അന്തിമമായി വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കും. തങ്ങൾ പ്രതീക്ഷയർപ്പിച്ചിരിക്കുന്ന വ്യവസ്ഥ കുറ്റമറ്റതല്ല എന്ന അറിവ് വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. അവന്റെ വേദന അസ്വസ്ഥതയുടെ വിത്തായി പടരുന്ന കാഴ്ചയാണ് നാം പലപ്പോഴും കാണുന്നത്.

വിദ്യ ലഭിക്കേണ്ടത് വിദ്യാർത്ഥിയുടെ അവകാശമാണ്. അദ്ധ്യാപകന്റെ ഔദാര്യമല്ല. നീതി നിഷേധിക്കപ്പെടുന്നവന് ഏത് മേഖലയിലായാലും നിയമപരിഹാരം ലഭിക്കേണ്ടത് ആവശ്യമാണ്. വിദ്യാർത്ഥിക്കും അതിന് അവകാശമുണ്ട്. ❑



## താഹിർ. പി. സി


വിദ്യാഭ്യാസത്തിലൂടെയാണ് ഏതൊരു സ്റ്റേറ്റും അതിന്റെ ഭാവിയെ കരുപ്പിടിപ്പിക്കുന്നത്. സാധാരണകേൾക്കാറുള്ള ലക്ഷ്യ ങ്ങൾക്കുപരിയായി ഓരോ സ്റ്റേറ്റിനും വിദ്യാഭ്യാസ പ്രക്രിയ കൊണ്ട് മറ്റു ചില ലക്ഷ്യങ്ങൾ നേടാനുണ്ട്. സ്റ്റേറ്റിന് അനുഗു ണമായ രീതിയിലുള്ള ഒരു ഭാവിതലമുറയെ വളർത്തുക എ ന്നതാണത്. ഖേദകരമെന്ന് പറയട്ടെ, ഇന്ത്യ ഇന്ന് ലക്ഷ്യമിടു ന്നത് ഒരു മുതലാളിത്ത, വ്യാപാരവൽകൃതമായ സമൂഹത്തെ യാണ്. വിനിയോഗിക്കപ്പെടുന്ന വിഭവങ്ങൾ ഇത്തരമൊരു സ മൂഹത്തിന്റെ നിർമ്മിതിക്കായി പൂർണ്ണമായി പ്രയോജനപ്പെടു കയും ചെയ്യുന്നു.

ഇന്ത്യയുടെ സാമ്പത്തികപദ്ധതി ആസൂത്രണം ചെയ്തത് സോഷ്യലിസവും, ക്യാപ്പിറ്റലിസവും ചേർന്നുള്ള ഒരു 'മിക്സഡ് എക്കോണമി'യായാണ്. കാലാന്തരങ്ങളിൽ സോഷ്യലിസം ക്യാ പ്പിറ്റലിസത്തെ വിഴുങ്ങുമെന്നും, ഇന്ത്യ പൂർണ്ണാർത്ഥത്തിൽ ഒരു സോഷ്യലിസ്റ്റ് രാജ്യമാവുമെന്നാണ് കണക്കുകൂട്ടിയിരുന്നത്. പക്ഷേ, നേരേമറിച്ച് ക്യാപ്പിറ്റലിസം സോഷ്യലിസത്തെയും, ഇന്ത്യയേയും തന്നെ വിഴുങ്ങുന്ന പരുവത്തിലാണിപ്പോൾ. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസമുൾപ്പെടെ ജീവിതത്തിന്റെ മ

ഴുവൻ മേഖലകളും മുതലാളിത്തവൽക്കരിക്കപ്പെട്ടിരിക്കുകയാണ്.

സ്വകാര്യവൽക്കരണം വികസിത രാജ്യങ്ങളിലേത് പോലെ ശാസ്ത്രീയമാണെങ്കിൽ വിദ്യാഭ്യാസത്തിലൂടെ പ്രതിഭകൾ സൃഷ്ടിക്കപ്പെട്ടേക്കും. പക്ഷേ നമ്മുടെ സ്വകാര്യവൽക്കരണം കോഴ വാങ്ങാനുള്ള ഒരു എളുപ്പമാർഗം മാത്രമാണ്.

വിദ്യാഭ്യാസം പരിപൂർണ്ണമായി രാഷ്ട്രീയവിമുക്തമാക്കൽ മാത്രമാണ് ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരം. അവകാശങ്ങൾ നേടിയെടുക്കാനായി ഓരോ വിഭാഗവും രാഷ്ട്രീയാതീതമായി ഒന്നിച്ചു നിൽക്കുന്നത് സ്വാഗതാർഹമാണ്. പക്ഷേ നമ്മുടെ വിദ്യാർത്ഥി സംഘടനകൾ വിദ്യാർത്ഥികൾക്ക് വേണ്ടിയോ, അദ്ധ്യാപക-തൊഴിലാളി സംഘടനകൾ ഉപരിസൂചിതവിഭാഗങ്ങൾക്ക് വേണ്ടിയോ അല്ല നിലകൊള്ളുന്നത്. മറിച്ച് രാഷ്ട്രീയക്കാരന്റെ താൽപ്പര്യസംരക്ഷണത്തിന് വേണ്ടി മാത്രമാണ്. അക്രമികളായ രാഷ്ട്രീയക്കാരുടെ തണലാണ് യൂനിവേഴ്സിറ്റികളെ, ഇന്നുള്ളതു പോലെ തൊഴിലാളി യൂനിയനുകളുടെ വിഹാരകേന്ദ്രങ്ങളാക്കുന്നത്.



സമൂഹത്തിൽ മൂല്യശോഷണം സർവ്വസാധാരണമായിരിക്കുന്നു. മനുഷ്യർ നയിക്കപ്പെടേണ്ട അടിസ്ഥാന മൂല്യങ്ങൾ പോലും കാറ്റിൽ പറത്തപ്പെട്ടിരിക്കുന്നു. അഴിമതി നടത്താത്തവനാണിന്ന് മോശക്കാരൻ. അഴിമതിക്ക് പഴുതില്ലാതിരുന്ന വിദ്യാഭ്യാസമേഖലയിൽ സ്വകാര്യ സ്കൂളുകളുടെ വരവോടെ കോഴക്ക് വകുപ്പുണ്ടാകും. ഇതെല്ലാം കാണുന്ന അദ്ധ്യാപകൻ മാത്രം സൽഗുണസമ്പന്നനാവണമെന്ന് ശഠിക്കുന്നത് അദ്ധ്യാപകരോട് മൊത്തത്തിൽ കാണിക്കുന്ന അനാദരവായി മാറും.

യൂണിവേഴ്സിറ്റിയിൽ നിന്നു വരുന്ന വാർത്തകൾ ലജ്ജാകരങ്ങളാണ്. കഷ്ടപ്പെട്ടു പഠിച്ച വിദ്യാർത്ഥി തന്റെ ചോദ്യ-ഉത്തര പേപ്പറുകൾ വഴിയിൽ ചോർന്നതറിഞ്ഞാൽ ആത്മഹത്യക്കും പ്രേരിതനായേക്കും!

റീവാല്യുവേഷന് പണമടച്ച് കാത്തിരിക്കുന്നവന് കാത്തിരിപ്പുദിനങ്ങൾ നഷ്ടം ! മാർക്ക് കൂട്ടികിട്ടിയവന് പണം മടക്കി കൊടുക്കാനുള്ള വ്യവസ്ഥ കടലാസിൽ ഒതുങ്ങിയിരിക്കുകയാണെന്ന് തോന്നുന്നു. റീവാല്യു ചെയ്ത പേപ്പറുകൾ വിദ്യാർത്ഥികൾക്ക് പരിശോധിക്കാൻ അവസരമുണ്ടാക്കുന്നത് നന്നായിരിക്കും. (ഇപ്പോൾ ചെയ്യുന്നപോലെ ആദ്യ പരിശോധനയിലെ മാർക്ക് കറുപ്പിച്ചത് മാത്രം കാണിക്കുന്ന പോലെയല്ല.)

വീട്ടിൽ കൊണ്ടുപോയുള്ള പേപ്പർ പരിശോധന പാടെ നിർത്തലാക്കി കേന്ദ്രീകൃത പരിശോധനയ്ക്ക് സംവിധാനം വേണം. പണം മോഹിച്ച് പേപ്പർകെട്ടുകൾ കണക്കില്ലാതെ 'നോക്കി'ത്തീർക്കുന്ന അദ്ധ്യപകരെ ശിക്ഷിക്കുന്നതിന് ഏർപ്പാട് ചെയ്യണം. വിദ്യാർത്ഥികളുടെ കൂടിവരുന്ന എണ്ണം ഒരൊറ്റ യൂനിവേഴ്സിറ്റിക്ക് താങ്ങുമോ എന്നതും ചിന്തിക്കേണ്ട വിഷയമാണ്.

അദ്ധ്യാപകരാണ് നിലവിലുള്ള മറ്റൊരു പ്രശ്നം. ക്ലാസ്സിൽ വെച്ച് വിസ്തരിച്ച് പറയാൻ മടിയുള്ള അദ്ധ്യാപകർക്ക് ട്യൂഷൻ ക്ലാസ്സിൽ നോട്ട് കൊടുക്കാൻ സമയക്കുറവില്ല. മനസ്സിലാവാത്തത് വിശദമാക്കാനാവശ്യപ്പെടുകയോ, തെറ്റുകൾ ചൂണ്ടിക്കാണിക്കുകയോ ചെയ്ത വിദ്യാർത്ഥികൾക്കു മീതെ 'ഇന്റേണൽ അസസ്സ്മെന്റും' , 'പ്രാക്ടിക്കൽ റെക്കോഡും', 'ഡെമോക്ലസിന്റെ വാൾ' പോലെ തൂങ്ങുന്നു.

യോഗ്യതയുള്ള അധ്യാപകരെ സൃഷ്ടിക്കാൻ ഏറെ കൊട്ടിഘോഷിക്കപ്പെട്ട UGC പദ്ധതികൾ തീർത്തും അശാസ്ത്രീയമാണ്. UGC പരീക്ഷ ഇനി സംസ്ഥാന തലത്തിൽ നടത്താനുള്ള ഗൂഢാലോചന അഴിമതിയും, സ്വജനപക്ഷപാതിത്തവും ഇവിടേക്കും കൊണ്ടുവരാനുള്ള നീക്കത്തിന്റെ ഭാഗമാണ്.

യോഗ്യതയില്ലായ്മ മറച്ചുവെയ്ക്കാൻ തനിക്കു കിട്ടുന്ന ശമ്പളത്തെകുറിച്ച് വീമ്പിളക്കുന്ന അധ്യാപകർ, തങ്ങളിരിക്കുന്ന മഹനീയ സ്ഥാനത്തെക്കുറിച്ച് വിസ്മൃതനാവുന്നു. യോഗ്യനായ അധ്യാപകന് ബഹുമാനിക്കപ്പെടാൻ മർദ്ദനമുറകൾ സ്വീകരിക്കേണ്ടിവരില്ല.

അധ്യാപകരെ കൊണ്ട് പൊറുതിമുട്ടിക്കുന്ന വിദ്യാർത്ഥികൾക്ക് നിയമസഹായം അത്യാവശ്യമാണ്. ഉപഭോകൃത കോടതികളിലേക്ക് അദ്ധ്യാപകൻ കൂടി കയറേണ്ടത് വിശദമായി ചർച്ചചെയ്യേണ്ട വിഷയം തന്നെയാണ്. ഇനിയും ഈ നില തുടരുന്ന പക്ഷം, വിദ്യാർത്ഥി സമൂഹത്തിന്റെ കനത്ത തിരിച്ചടി ബന്ധപ്പെട്ടവർ കരുതിയിരിക്കുക.

# ഉപഭോക്തൃസംരക്ഷണ ആക്ടും വിദ്യാഭ്യാസ രംഗവും

**എം. സുധാകരൻ,**

പ്രസിഡണ്ട്,

കൊല്ലം ഉപഭോക്തൃ കോടതി.

ഉപഭോക്തൃ സംരക്ഷണ ആക്ട് 1986 – ലാണ് ഗവർമെന്റ് പാസ്സാക്കിയത്.ആക്ടിലെ മൂന്നാം അധ്യായം അനുസരിച്ച് ഉപഭോക്തൃ തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കാനുള്ള അധികാര സ്ഥാനങ്ങൾ കേരളത്തിൽ രൂപവൽക്കരിച്ചത് 2–2–1990 ലാണ്. കേരളത്തിൽ 14 ജില്ലാ ഫോറങ്ങളും , സംസ്ഥാന കമ്മീഷനും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. തർക്ക സംഖ്യ 5 ലക്ഷം വരെയുള്ള പരാതികളിൽ അതാത് ജില്ലാ ഫോറങ്ങൾ തീർപ്പു കൽപ്പിക്കുന്നു. 20 ലക്ഷം രൂപ വരെ ഉൾപ്പെട്ടുവരുന്ന പരാതികൾ സംസ്ഥാന കമ്മീഷൻ കൈകാര്യം ചെയ്യുന്നു. തർക്കസംഖ്യ 20 ലക്ഷത്തിലധികം ഉൾപ്പെട്ടുവരുന്ന പരാതികൾ നാഷണൽ കമ്മീഷനാണ് വിചാരണ നടത്തുന്നത്. അന്തിമവിധി പ്രസ്താവിക്കുന്നത് സുപ്രീം കോടതിയാണ്. സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിനു മാത്രമെ 250 രൂപാ കോർട്ട് ഫീസ് അടയ്ക്കേണ്ടതുള്ളു. മറ്റു ഉപഭോക്തൃ കോടതികളിലെ ചെലവെല്ലാം അതാത് സർക്കാരാണ് വഹിക്കുന്നത്. കോർട്ട്ഫീസില്ല; നോട്ടീസ് ചെലവില്ല; വിധിയുടെ പകർപ്പ് സൗജന്യമായി തപാൽ വഴി വീട്ടിൽ കിട്ടുകയും ചെയ്യും.

പ്രതിഫലം നൽകി അല്ലെങ്കിൽ നൽകിക്കൊള്ളാമെന്ന് കരാറിലേർപ്പെട്ട് കൂലികൊടുക്കുന്നതും, പ്രയോജനപ്പെടുത്തുന്നതും അല്ലെങ്കിൽ അപ്രകാരം ചെയ്തുകൊള്ളാമെന്ന് കരാറിലേർപ്പെടുന്ന ഏതൊരാളും, അയാളുടെ അനുവാദത്തോടെ ആ സേവനം പ്രയോജനപ്പെടുത്തുന്നയാളും ഈ ആക്ട് അനുസരിച്ച് സേവനം സംബന്ധിച്ചുള്ള ഉപഭോക്താവാണ്.

സേവനത്തിന്റെ നിർവ്വചനത്തിൽ എല്ലാ സേവനങ്ങളും എടുത്തു പറഞ്ഞിട്ടില്ല. ഉൾപ്പെട്ടു വരുന്ന ചിലവയെ പറഞ്ഞിട്ടുള്ളു. 1993 ലെ ഭേദഗതി നിയമത്തിലും ഗൃഹനിർമ്മാണം മാത്രമെ എടുത്തു പറഞ്ഞിട്ടുള്ളു.

പല സംസ്ഥാന കമ്മീഷനുകളും വിദ്യാഭ്യാസം ഉപഭോക്തൃ സംരക്ഷണ വിധി പ്രസ്താവിച്ചുകൊണ്ടിരുന്നു. പരീക്ഷാഫലം വൈകി പ്രസിദ്ധം ചെയ്യുന്നതിൽ നിന്നും വിദ്യാർത്ഥികൾക്ക് ഉണ്ടായിക്കൊണ്ടിരുന്ന നഷ്ടത്തിന് യൂനിവേഴ്സിറ്റി സമാധാനം ബോധിപ്പിക്കേണ്ടതായി വന്നു.

കേരള സംസ്ഥാന കമ്മീഷൻ 1990 –ൽ തന്നെ കാലിക്കറ്റ് സർവ്വകലാശാലയുടെ പോരായ്മക്കെതിരെ വിധിയെഴുതി. റിവാലേഷന് ഫീസടച്ചു അപേക്ഷിച്ചാലും തക്കസമയത്തൊന്നും ഫലം അറിയിക്കാതെ വിദ്യാർത്ഥികളെ വലച്ചുകൊണ്ടിരുന്ന യൂനിവേഴ്സിറ്റികൾക്ക് ഉപഭോക്തൃ കോടതികളിൽ തങ്ങളുടെ പോരായ്മക്ക് കണക്ക് പറയേണ്ടി വരുന്ന ഒരു സന്ദർഭം ഉണ്ടായിരുന്നു. എക്സാമിനർമാർ ഉത്തരകടലാസുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്താൽ അത് അവരെ വ്യക്തിപരമായി ബാധിക്കുന്ന ഒരു പോരായ്മയാകും ; ഉപേക്ഷ കാണിച്ചയാൾ നഷ്ടപരിഹാരം തന്റെ കീശയിൽ നിന്നും നൽകേണ്ടതായി വരും എന്നൊരു അവസ്ഥ ഉണ്ടായിരുന്നു. മറ്റു കേസുകളിൽ കക്ഷിയല്ലാത്ത ഒരാളെ വിധി ബാധിക്കുകയില്ല. പക്ഷേ വിധി മൂലം ബാധ്യത വന്നേക്കാവുന്ന ഒരാളിനും ഉപഭോകൃത കോടതി വിധിക്കെതിരെ ഫയൽ അപ്പീൽ ചെയ്യാം എന്ന വ്യവസ്ഥയിലൂടെ നീതിന്യായ സംഹിതയിലെ ഒരു വളർച്ചയായി അലംഭാവക്കാരെ കുരുക്കത്തക്കവണ്ണമാണ് ഈ ആക്ട് രൂപകൽപ്പന ചെയ്തത്.

എന്നാൽ 1994 ജനുവരിയിൽ വിദ്യാഭ്യാസം, അതായത് റിവാല്യേഷൻ സംബന്ധിച്ചു ഫീസ് വാങ്ങിക്കൊണ്ട് യൂനിവേഴ്സിറ്റി നൽകുന്ന സേവനം ഉപഭോക്തൃ സംരക്ഷണ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സേവനമല്ല എന്ന് നാഷണൽ കമ്മീഷൻ വിധിച്ചു. വിദ്യാർത്ഥി സമൂഹത്തിനാകെ ഉപഭോക്തൃ കോടതികളുടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്ന പ്രതീക്ഷ ഉല[illegible]ക്കുന്ന ആ വിധി സംബന്ധിച്ച് സന്നദ്ധസംഘടനകൾക്കിടയിൽ ഉരുണ്ടുകൂടിയ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ആദ്യ വിധി ഒന്നു മയപ്പെടുത്തി; സ്വകാര്യ വിദ്യാഭ്യാസ രംഗത്തെ പ്രതിഫലം പറ്റിക്കൊണ്ടുള്ള സേവനം ഉപഭോക്തൃ സംരക്ഷണ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഒരു സേവനമാണെന്ന്.

പ്രൈവറ്റ് കോളേജ് അധികൃതർ കൃത്യസമയത്ത് ഇന്റർവ്യൂ കാർഡ് അയക്കാതിരുന്നാലത് ഒരു ഉപഭോക്തൃ തർക്കമാകും. ക്ഷതം പറ്റിയ വിദ്യാർത്ഥികൾക്ക് നഷ്ടപരിഹാരം തേ[illegible] കൺസ്യൂമർ കോർട്ടിൽ പരാതിപ്പെടാം. പ്രൈവറ്റ് കോളേ[illegible] അധികൃതർ ഹാൾടിക്കറ്റ് നൽകുന്ന കാര്യത്തിൽ വീഴ്ച വ[illegible]ത്തിയാൽ അത് ഉപഭോക്തൃ കോടതിയിൽ ചോദ്യം ചെയ്യാം. യൂനിവേഴ്സിറ്റി ഫീസ് വാങ്ങി നൽകുന്ന സേവനം ഉപഭോക്തൃ സംരക്ഷണ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്താനി[illegible] യുണ്ടെന്നാണ് പൊതുവെ സൂചന. ആ ഉപഭോകൃത അവകാശ[illegible] നേടിയെടുക്കാനായി വിദ്യാർത്ഥികൾക്കിടയിൽ അഭിപ്രായ [illegible]പികരണത്തിന് യത്നിക്കുക.